Week-5

# Weekly Devotion- December 2017

## Miraculous birth (അത്ഭുത ജനനം)




പാഴും ശൂന്യവുമായ ഭൂമിയെ നഷ്ടമാക്കികളയാതെ സൃഷ്ടാവ് നടത്തിയ സൃഷ്ടികൾ അത്ഭുതം തന്നെയാണ്. ദൈവത്തിന്റെ സൃഷ്ടകളായ മനുഷ്യർ ശാപത്തിന് ഇരകളായപ്പോൾ നീ വേദനിച്ച് പ്രസവിക്കുമെന്നുള്ള ശാപം സ്ത്രീയുടെ മേൽ വീണു. ഈ ശാപം നിലനില്ക്കുമ്പോഴും ഗർഭപാത്രത്തിലുരുവാകുന്ന ശിശുവും , ദൈവം നിശ്ചയിച്ച സമയം വരെയുള്ള ശിശുവിന്റെ സംരക്ഷണവും എല്ലാം അത്ഭുതം തന്നെയാണ്

ഈ ജനനം അത്ഭുതമായിരിക്കുമ്പോൾ തന്നെയാണ് വചനം ജഢമായി ഭൂമിയിൽ വന്നത് . പുരുഷനെ അറിയാതെ പരിശുദ്ധാത്മ ശക്തി നിഴലിട്ടപ്പോൾ ഒരു സ്ത്രീ ഗർഭവതിയാകുന്നതും, ആ അത്ഭുത ജനനത്തിങ്കൽ സ്വർഗ്ഗം സന്തോഷിച്ചതും, യേശു എന്ന് പേരിടണമെന്ന് ദൂതൻ നിർദ്ദേശം നൽകിയതും ഇന്നും അത്ഭുതമായി നിലനില്ക്കുമ്പോൾ ദൈവമക്കൾക്കറിയാം ദൈവത്താൽ അസാദ്ധ്യമായത് ഒന്നും ഇല്ല എന്ന്. വിശുദ്ധപ്രജ ഉള്ളിൽ ജനിച്ചതിന്റെ പ്രധാനകാരണം "ഇതാ ഞാൻ കർത്താവിന്റെ ദാസി" എന്ന് താഴ്ത്തി സമർപ്പിച്ചതിനാലാണ്. ക്രിസ്തു നമ്മുടെ ഉള്ളിൽ ജനിക്കണമെങ്കിൽ ഒരു താഴ്ത്തലിനുള്ള മനോഭാവം നമ്മിലുണ്ടാകണം അത്ഭുതജനനം ഉള്ളിൽ നടന്ന വ്യക്തിയുടെ രൂപത്തിലും, ഭാവത്തിലും , സംസാരത്തിലും എല്ലാം പ്രത്യക്ഷമായ മാറ്റം കാണുവാൻ കഴിയും.

ഒരിക്കൽ ചാൾസ് ഡാർവിൻ ഒരു സുവിശേഷകന് ഇപ്രകാരം എഴുതി. ഞങ്ങൾ അനേക നാളുകൾ ശ്രമിച്ചിട്ടും ആരുടേയും ദുശ്ശീലങ്ങളെ മാറ്റുവാൻ കഴിഞ്ഞില്ല. എന്നാൽ ഒരു സുവിശേഷകനായ നിങ്ങളുടെ പ്രവർത്തനം കൊണ്ട് അനേകരെ നവജീവിതത്തിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു. അതേ ! മനുഷ്യനെ രൂപാന്തരപ്പെടുത്തുവാൻ സുവിശേഷത്തിനേ സാധിക്കുകയുള്ളു. നല്ല ശീലങ്ങൾ ഉള്ളിൽ വരുമ്പോൾ അത്ഭുതജനനവും നടക്കുന്നു.

ദൈവത്തിന്റെ ആത്മാവ് പാഴായിത്തീർന്ന ഭൂമിക്കുമീതെയുള്ള വെള്ളത്തിന്മേലാണ് പരിവർത്തിച്ചത്. അതിനാലാണ് ദൈവവചനം ഫലങ്ങളെ പുറപ്പെടുവിക്കുന്നത്. ദൈവവചനത്താൽ സ്ഥാപിതമായതൊന്നും പാഴായിട്ടിരിപ്പാൻ പരിശുദ്ധാത്മാവ് സമ്മതിക്കുന്നില്ല. ഫലം ഉണ്ടാകുന്നതുവരെ പരിശുദ്ധാത്മാവ് പൊരുന്ന ഇരിക്കുന്നു. അപ്രകാരം ദൈവ വചനത്താൽ വീണ്ടും ജനിച്ച ഒരു ദൈവപൈതലും ഫലശൂന്യമായിപ്പോകുവാൻ ദൈവം സമ്മതിക്കുന്നില്ല. ദൈവ വചനത്തെ എല്ലാ നിലയിലും ഒരു വ്യക്തിയുടെ ജീവിതാനുഭവം ആക്കും വരെ പരിശുദ്ധാത്മാവ് വിശ്രമിക്കുന്നില്ല. യേശു ക്രിസ്തുവിനോട് അനുരൂപരായ ആത്മീയ വ്യക്തികളാക്കി മാറ്റും വരെ പരിശുദ്ധാത്മാവ് വിശ്രമിക്കുന്നില്ല. വേലപൂർത്തിയാകുമ്പോൾ ആത്മീയജനനം നടന്ന വ്യക്തിയെ നോക്കി സ്വർഗ്ഗം സന്തോഷിക്കുന്നു.

യഹൂദ പ്രമാണിയായ നിക്കോദിമോസിനോട് യേശു പറയുന്നത് ശ്രദ്ധിക്കുക . “പുതിയതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല”എന്ന് അതായത് വെള്ളത്താലും ( വചനത്താൽ) ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ ആർക്കും കടപ്പാൻ കഴിയുകയില്ല. ( read യോഹ : (3: 3-5) ദൈവവചനം, നമ്മെ സത്യം ഗ്രഹിക്കുവാൻ സഹായിക്കുകയും , സത്യം പാപത്തിൽ നിന്ന് നമ്മെ സ്വതന്ത്രരാക്കി പുതു ജനനത്തിനർഹരാക്കുകയും ചെയ്യുന്നു.

ഒരു ഡോക്ടർ Duty room ലേക്ക് കയറുമ്പോൾ ഒരു മനുഷ്യൻ ഒരു ലഘുലേഖ അദ്ദേഹത്തിന് നൽകി. ധൃതി ആയതിനാൽ അത് പോക്കറ്റിലിട്ട ഡോക്ടർ തിരക്കൊഴിഞ്ഞപ്പോൾ അത് വായിക്കുവാനായി എടുത്തു. ആ സമയത്ത് മുറിയിലേക്ക് കയറി വന്ന രോഗി പറഞ്ഞു അയ്യോ ........ ഇത് നേരത്തെ എനിക്ക് ഒരാൾ തന്നതാണ്. അന്ന് ഞാനത് വായിച്ചിരുന്നു എങ്കിൽ ഇന്ന് ഈ നാശത്തിൽ തകരുക ഇല്ലായിരുന്നു. ഈ രോഗലക്ഷണങ്ങൾ എനിക്കും ഉണ്ടല്ലോ എന്ന് പറഞ്ഞ ഡോക്ടർ വേഗം അത് തനിക്കു തന്ന ആളിനെ തേടിപ്പോയി. ഡോക്ടറോടൊപ്പം അവിടേക്കു വന്ന രോഗിയും പോയിരുന്നു. അദ്ദേഹത്തിൽ നിന്നു കേട്ട സുവാർത്ത അവരെ പാപത്തിൽ നിന്ന് സ്വതന്ത്രരാക്കി. ഈ സ്വാതന്ത്രം അനുഭവിച്ച ഡോക്ടറും രോഗിയും മാത്രമല്ല ഈ അത്ഭുത ജനനത്തിൽ സന്തോഷിച്ചത് അതിന് കാരണക്കാരനാകുവാൻ ദൈവം അനുവദിച്ച ലഘുലേഖയുമായി വന്ന ആത്മീയ പിതാവാകുവാൻ ഭാഗ്യം ലഭിച്ച വ്യക്തിയും കൂടിയാണ്.

പ്രതികൂല സാഹചര്യങ്ങളിലും അത്ഭുത ജനനം നടക്കുമെന്നുള്ളതിന്റെ തെളിവാണ് ഫിലേ :(1:7,10) വാക്യങ്ങളിൽ കാണുന്നത്. തടവിൽ ഇരിക്കുമ്പോൾ ഞാൻ ജനിപ്പിച്ച എന്റെ മകൻ ഒനേസിമൊസ് എന്ന് പൗലോസ് പറഞ്ഞതുപോലെ ഒരാളെ നോക്കി അഭിമാനത്തോടെ ആത്മീയ പിതാവെന്നോ, ആത്മീയ മാതാവെന്നോ നമുക്കു പറയുവാൻ കഴിയുമോ. പരിശുദ്ധാത്മാവ് നമ്മെ അതിന് പ്രാപ്തരാക്കട്ടെ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind